**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3013

15/12/2015 ൽ മറുപടിയ്ക്ക്

**<u>ഭൂമിയ്ക്ക് പട്ടയം നൽകാൻ നടപടി</u>**

| ചോദ്യം<br>ശ്രീ.സി. കൃഷ്ണൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) തളിപ്പറമ്പ് താലൂക്ക് പെരിങ്ങോം വില്ലേജിലെ കപ്പോൾ-ചിറ്റടി കോളനിയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 8 പേർ ഉൾപ്പെടെയുള്ള പത്ത് പേർ കഴിഞ്ഞ 40 വർഷത്തിലേറെയായി കൈവശം വച്ച് വീട് വച്ച് താമസിച്ചുവരുന്ന ഭൂമിക്ക് പട്ടയം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) പെരിങ്ങോം വില്ലേജിലെ റീ.സ.നം.228/5 ൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ 1-ാം ഘട്ടത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് 118 പ്ലോട്ടുകളായി തിരിച്ചിരുന്നു. എന്നാൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടിയിരുന്ന ഭൂമി അളന്നു തിരിക്കുന്നതിനായി സർവ്വേയർമാർ പ്രസ്തുത ഭൂമിയിൽ ചെന്നപ്പോൾ ടി ഭൂമിയിൽ കൈയ്യേറി താമസിച്ചു വരുന്ന 10 കുടുംബങ്ങളും പെരിങ്ങോം കർഷക സംഘവും അളവ് തടസ്സപ്പെടുത്തുകയുണ്ടായി. തുടർന്ന് ജില്ലാ കളക്ടർ തലത്തിൽ കൈയ്യേറ്റക്കാരുമായി നടത്തിയ ചർച്ച പ്രകാരം 6 കുടുംബങ്ങൾക്ക് 24 സെന്റ് വീതവും 3 കുടുംബങ്ങൾക്ക് 8 സെന്റ് വീതവും ഒരു കുടുംബത്തിന് 10 സെന്റും നൽകുന്നത് സംബന്ധിച്ച് കണ്ണൂർ ജില്ലാ കളക്ടറിൽ നിന്നും അന്തിമ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന് ലാന്റ് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**